Draft #4 of File 87143/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 04-Oct-2021 04:11 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

നമ്പർ 87143/AC A1-2/2021/AC A 1

തീയതി 04.10.2021

| | |
|---|---|
| വിഷയം :- | സ.ഉ.(സാധാ)നം.789/2021/ഉ.വി.വ. തീയതി 15.06.2021 സർക്കാർ ഉത്തരവ് സർവ്വകലാശാലാതലത്തിൽ നടപ്പിലാക്കുന്നത്-സംബന്ധിച്ച്:- |

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക് ഡൗൺ കാലയളവിലുള്ള പ്രതിസന്ധി പരിഗണിച്ച്, സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളിലെയും വിദ്യാർത്ഥികളുടെ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച 15.06.2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.789/2021/ഉ.വി.വ. , സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്വാശ്രയ കോളേജുകളും കർശനമായി പാലിക്കേണ്ടതാണ്.

**കാഞ്ചന എൻ.നായർ**

**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.എ സി എ 1/ആക്ഷൻ ടേക്കൺ റിപ്പോർട്ട് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക്ഡൗൺ കാലയളവിലുള്ള പ്രതിസന്ധി - സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളിലേയും വിദ്യാർത്ഥികളുടെ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.789/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 15/06/2021

---

ഉത്തരവ്

കോവിഡ്-19 ന്റെ ഭാഗമായി ലോക്ഡൗൺ നിലനിൽക്കുന്ന ഈ കാലയളവിൽ റഗുലർ ക്ലാസുകൾ നടക്കുന്നില്ലെങ്കിലും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ചില സ്വാശ്രയ സ്ഥാപനങ്ങൾ ഭീമമായ തുക വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതായി പല രക്ഷിതാക്കളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ട്. റഗുലർ ക്ലാസ്സുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായി കുറവ് ചെയ്യണമെന്നും, യഥാസമയം ഫീസുകൾ അടയ്ക്കാത്തതിന്റെ പേരിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളും പരീക്ഷകളും നിഷേധിക്കരുതെന്നും. ഇതിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് യാതൊരു തരത്തിലുമുള്ള മാനസിക സമ്മർദ്ദം ഉണ്ടാകരുതെന്നും കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു വി ഐഎഎസ്

അഡീഷണൽ ചീഫ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം

ഡയറക്ടർ. എൽ.ബി.എസ്, സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ചാരാച്ചിറ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കാലിക്കറ്റ്/കണ്ണൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത/തുഞ്ചത്തെഴുത്തച്ഛൻ മലയാളം/എ.പി.ജെ അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക/ ന്യുവാൽസ്/ ശ്രീ നാരായണഗുരു ഓപ്പൺ - സർവ്വകലാശാല

ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് (സർവ്വകലാശാല രജിസ്ട്രാർ മുഖേന)

File No.HEDN-B3/142/2021-HEDN

ഉന്നത വിദ്യാഭ്യാസ (ജെ, കെ, എൽ) വകുപ്പ്

✓ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം